(ജി) ഇപ്പോൾ പരിഗണനയിലില്ല.

(എച്ച് & ഐ) ഉദിക്കുന്നില്ല.

(ജെ) മാർച്ച് മാസം അവസാനത്തോടെ ഒഴിഞ്ഞു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പൈങ്ങോട്ടുപുറം വെസ്റ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

32 [2649] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പൈങ്ങോട്ടുപുറം വെസ്റ്റിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് ഇവിടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ ആവശ്യം പരിഗണിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) പൈങ്ങോട്ടുപുറം വെസ്റ്റിൽ ട്രാൻസ്ഫോർമർ എന്നു സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) എ. പി. ഡി. ആർ. പി. സ്കീമിൽ ഉൾപ്പെടുത്തി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഏപ്രിൽ 15-നുള്ളിൽ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പൂങ്കുടി പ്രദേശത്ത് ട്രാൻസ്ഫോർമർ

33 [2650] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ അരീക്കോട് സെക്ഷന് കീഴിലെ പൂങ്കുടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് ട്രാൻസ്ഫോർമർ അനുവദിച്ചിട്ടുണ്ടോ;

(സി) ഈ പ്രവർത്തിയുടെ ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ന്; മാറ്റിവെച്ച ട്രാൻസ്ഫോർമർ എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല;

(ഇ) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഒരു പ്രവർത്തിയുടെ ടെണ്ടർ ചെയ്തിട്ടുണ്ട്.

(ഡി) എൽ. റ്റി. ലൈൻ നിർമ്മാണം പൂർത്തിയാക്കാത്തതിനാലാണ് മാറ്റി വെച്ച ട്രാൻസ്ഫോർമർ ഉപയോഗിക്കാത്തത്.

(ഇ) ഏപ്രിൽ 15 നകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ കെ. എസ്. ഇ. ബി.-യുടെ ഓഫീസുകളിലെ വിവിധ തരം തസ്തികകളിൽ നിയമനം നടത്താൻ നടപടി

34 [2651] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന എത്ര ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ ഏതെല്ലാം തരത്തിലുള്ള എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഓരോ തസ്തികകളിലും ഒഴിവുകൾ ഉണ്ടായിട്ട് എത്ര കാലമായെന്നും അവ എന്നത്തേക്ക് നികത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 43

(ബി & സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly